ഭരണഭാഷ-മാതൃഭാഷ

## കേരള സർക്കാർ

## ശുചിത്വ സാഗരം പദ്ധതി, നീണ്ടകര, കൊല്ലം

നമ്പർ. 2115/എച്ച്/2018/കെ.എസ്.സി.എ.ഡി.സി.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ
ചലച്ചിത്ര കലാഭവൻ ബിൽഡിംഗ്, ഒന്നാം നില,
വഴുതക്കാട്, തിരുവനന്തപുരം 14
ഫോൺ: 0471 2321520, ഫാക്സ്: 0471 2323363
ഇമെയിൽ: ce.kscadc@gmail.com
തീയതി: 05-11-2018

## ദർഘാസ് പരസ്യം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ചീഫ് എഞ്ചിനീയർ ശുചിത്വ സാഗരം പദ്ധതിയ്ക്കുവേണ്ടി കൊല്ലം ജില്ലയിലെ നീണ്ടകര/ശക്തികുളങ്ങര ഹാർബറുകളിൽ എൽഇഡി വീഡിയോ/സ്റ്റിൽ/ഓഡിയോ സിസ്റ്റം സ്ഥാപിച്ചുകൊണ്ട് പരസ്യങ്ങൾ ചെയ്യുന്നതിനുള്ള അവകാശം മൂന്ന് വർഷത്തേയ്ക്ക് ഏറ്റെടുത്ത് നടത്തുന്നതിന് താൽപ്പര്യമുള്ള കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

**ലൊക്കേഷൻ**

(1) നീണ്ടകര ഹാർബർ

കൊല്ലം ജില്ലയിലെ നീണ്ടകരയിൽ സ്ഥിതി ചെയ്യുന്ന നീണ്ടകര ഫിഷിംഗ് ഹാർബർ

(2) ശക്തികുളങ്ങര ഹാർബർ

കൊല്ലം ജില്ലയിലെ ശക്തികുളങ്ങര യിൽ സ്ഥിതി ചെയ്യുന്ന ശക്തികുളങ്ങര ഫിഷിംഗ് ഹാർബർ

മേൽപ്പറഞ്ഞ മത്സ്യബന്ധന തുറമുഖങ്ങൾ, ട്രോളിംഗ് നിരോധന സമയങ്ങളിലൊഴികെ വർഷം മുഴുവനും ദിവസം ശരാശരി 16 മണിക്കൂറെങ്കിലും പ്രവർത്തന നിരതമായിട്ടുള്ളവയാണ്. പ്രതിദിനം നിരവധി വാഹനങ്ങളും ആളുകളും ഹാർബർ സന്ദർശിക്കുന്നുണ്ട്.

**നിബന്ധനകൾ**

(1) ഈ ദർഘാസ് നീണ്ടകര, ശക്തികുളങ്ങര ഹാർബറുകളിൽ എൽഇഡി വീഡിയോ/സ്റ്റിൽ ഡിസ്പ്ലേ/ഓഡിയോ സിസ്റ്റം എന്നിവ മുഖേന പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് മൂന്ന് വർഷത്തേക്കുള്ള അവകാശത്തിനുവേണ്ടിയാണ്.

(2) കരാറുകാർ തുറമുഖത്ത് നിലവിലുള്ള സൗകര്യങ്ങളും സാഹചര്യവും നേരിട്ട് കണ്ട് മനസ്സിലാക്കിയതിനുശേഷം മാത്രം ദർഘാസിൽ പങ്കെടുക്കേണ്ടതാണ്.

(3) ഹാർബറിന്റെ ലേഔട്ട്, പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ ലൊക്കേഷൻ, തുടങ്ങിയവ ഹാർബർ എഞ്ചിനിയറിംഗ് നീണ്ടകര സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുമായി ബന്ധപ്പെട്ട് പരിശോധിച്ചു ബോധ്യപ്പെടാവുന്നതാണ്.